MONDAY 07/04/2025 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Haripriya Devi VV (I/C) Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/04/2025

1. കേരള സർക്കാരിൻ്റെ കൃഷിവകുപ്പ്, ആലപ്പുഴയിലെ സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു . കേരള സർക്കാരിൻ്റെ കൃഷി വകുപ്പിൻ്റെ കീഴിൽ 2014-ൽ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ. തീരദേശ തണ്ണീർത്തടങ്ങളിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്ന പങ്കാളിത്ത ഗവേഷണവും ആശയവിനിമയ സംവിധാനവും സുഗമമാക്കുക, പുതിയ കൃഷിരീതികൾ വികസിപ്പിക്കുക, ജൈവവൈവിധ്യ സംരക്ഷണം, കള, കീട നിയന്ത്രണം, അനുയോജ്യമായ മത്സ്യബന്ധനവും വികസിപ്പിക്കുക, കാലാവസ്ഥ വ്യതിയാന നിരീക്ഷണം, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. യോഗ്യത സീനിയർ അക്കാദമിക് സയൻ്റിസ്റ്റ്, ബയോളജിക്കൽ സയൻസസ്, കൃഷി ശാസ്ത്രം, അനിമൽ സയൻസ്, ഫിഷറീസ് സയൻസ്, എർത്ത് സയൻസ്, ബയോടെക്നോളജി സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ തലത്തിൽ 20 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. പി എച്ച് ഡി യോഗ്യതയും ഉണ്ടായിരിക്കണം. മൂന്നുവർഷത്തേക്കാണ് നിയമനം. പ്രായം 65 വയസ്സിന് താഴെ. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഗവൺമെൻ്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ് അനെക്സ്, സ്റ്റാച്യു പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2025 മെയ് 15ന് 3:00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. തൃശൂർ കണ്ണാറ കേരള അഗ്രോ ബിസിനസ്സ് കമ്പനി ലിമിറ്റഡ്സജ്ജീകരണത്തിനായി ബനാന ആൻഡ് ഹണി അഗ്രോ പാർക്കിലെ സംഭരണം/വെയർഹൗസ്/സംസ്കരണ യൂണിറ്റുകൾ, കണ്ണറ, തൃശൂർ എഫ്പിഎസ്, എംഎസ്എംഇകൾ, കർഷകർ, സ്വകാര്യ കമ്പനികൾ, സംരംഭകർ തുടങ്ങിയവർക്ക് മിതമായ നിരക്കിൽ പാട്ട വാടകയ്ക്ക് പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കാനുള്ള മികച്ച അവസരം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238148583 എന്നാ ഫോൺ നമ്പറിലോ www.kabco.co. in എന്ന ഈ മെയിലിലോ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയിലെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ചിപ്പിക്കൂൺ വിത്തുകൾ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട് കൂടുതൽ വിവരങ്ങൾക്ക് 0 4 87 23 70 77 3 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. 2025-26 വർഷത്തേക്ക് മത്സ്യഫെഡ് നടപ്പിലാക്കുന്ന 10 ലക്ഷം രൂപയുടെ പരിരക്ഷയുള്ള മത്സ്യത്തൊഴിലാളി വ്യക്തഗത അപകട ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി പ്രകാരം ഏപ്രിൽ 15 നകം പ്രീമിയം ഒടുക്കി ഗുണഭോക്താക്കളാകുന്നതിന് അവസരം. മത്സ്യഫെഡ് അഫലിയേഷനുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, സ്വയം സഹായ ഗ്രൂപ്പ് അംഗങ്ങൾക്കും അതാത് സംഘങ്ങൾ മുഖേന ഒറ്റത്തവണ പ്രീമിയം തുകയായ 509 രൂപ (ജിഎസ്ടി ഉൾപ്പെടെ) അടച്ച് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാം. പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നവർക്ക് അപകട മരണമോ, അപകടത്തെ തുടർന്ന് പൂർണ/ഭാഗിക അംഗവൈകല്യമോ സംഭവിക്കുന്ന പക്ഷം നിബന്ധകൾക്ക് വിധേയമായി 10 ലക്ഷം രൂപ വരെ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. പ്രായം 18-70. : 0497 2732157, 9526041270 (തലശ്ശേരി), 9526041123 (പുതിയങ്ങാടി, കണ്ണൂർ) ഇ മെയിൽ mfed.knr@yahoo.com

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. **കാർഷിക നിർദ്ദേശം**

നെല്ലിൽ തണ്ടുതുരപ്പനേയും ഇലചുരുട്ടി പുഴുവിനേയും നിയന്ത്രിക്കാൻ ട്രൈക്കോകാർഡുകൾ 2 സിസി ഒരു ഏക്കറിന് എന്ന കണക്കിൽ ഉപയോഗിക്കുക. കാർഡുകൾ കീറി ഒരു ഭാഗം 5 സെന്ററിന് എന്ന തോതിൽ മഴ നനയാതെ പാടത്തു ഉറപ്പിക്കേണ്ടതാണ്.

തെങ്ങിൻ തടങ്ങൾ ഉഴുതിടുന്നതാണ് അഭികാമ്യം. ഇങ്ങനെ ചെയ്യുന്നത് വായൂ സമ്പർഗം കൂട്ടാനും ഈർപ്പം നിലനിർത്താനും സഹായിക്കും. ഇടവിളയായി വാഴ ചേമ്പ് മുതലായ വിളകൾ കൃഷി ചെയ്യാവുന്നതാണ്.

നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങി വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക . ഡൈമെത്തോയേറ്റ് 30 EC തളിച്ചു കൊടുക്കാം.

പടവലത്തിൽ കൂനൻ പുഴുവിനെ നിയന്ത്രിക്കുവാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്ലോറാൻട്രാനിലിപ്പോൾ 185 SC 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം